# നിനവ്

little KITEs

## Little kites

## SNDP HSS MUVATTUPUZHA

# പ്രാർത്ഥന

നന്മകൾ ചൊരിയേണമെന്നുമി ഞങ്ങളിൽ
നിത്യ സ്വരൂപനാം സച്ചിന്മയാ ............
നേരായ മാർഗ്ഗങ്ങൾ കാട്ടിത്തരേണമേ
നേരിന്നുറവാകും കരുണാമയ............

നല്ലവാക്കെന്നും നാവിലുദിക്കുവാൻ
സദ്ബുദ്ധി നൽകണേ തമ്പുരാനെ
കാലങ്ങളെന്നും ഒരുമയിൽ കഴിയുവാൻ
കാരണമാകണേ തമ്പുരാന്നേ........

ഒരുജാതി ഒരുമതം ഒരുദൈവമാം ചിന്ത
പൂക്കേണമെന്നുമീ ഹൃദയങ്ങളിൽ .......
അച്ഛനമമ്മയും ഗുരുവും ദൈവമായ്
വാഴേണമെന്നുമി അകതാരിലായ്
വാഴേണമെന്നുമി അകതാരിലായ് ....



നമ്മെ വിട്ടു പിരിഞ്ഞ ശ്രീകാന്ത്
സാറിന്റെ ഓർമകൾക്ക് മുൻപിൽ ഇത്
സമർപ്പിക്കുന്നു



സ്കൂൾ മാനേജർ
ശ്രീ വി കെ നാരായണൻ



ഹെഡ് മിസ്ട്രസ്
ശ്രീമതി വി എസ് ധന്യ

സ്കൂൾ ജീവിതത്തിന്റെ നാൾവഴികളിൽ
സ്മൃതിബിംബങ്ങൾ പ്രതിഫലിപ്പിച്ചുകൊണ്ടു
കടന്നുപോകുന്നവർക്ക് ഓർമ്മിക്കാനും
താലോലിക്കാനും ഇതാ ഒരുപിടി നിറമാർന്ന
ചിത്രങ്ങൾ SNDP ഹൈസ്കൂളിലെ ലിറ്റിൽ
കൈറ്റ്സ് ഒരുക്കുന്ന ഡിജിറ്റൽ മാഗസിന്
എല്ലാവിധ ആശംസകളും നേർന്ന്കൊള്ളുന്നു

ഓർമ്മകളുടെ പറുദീസയാണ് ഓരോ പള്ളിക്കൂടവും
അങ്ങനെയുള്ള നമ്മുടെ പള്ളിക്കൂടത്തിന്റെ
ഓർമ്മക്കായി ആണ് ഈ മാഗസിൻ കാലത്തിന്റെ
ചക്രവേഗത്തിൽ യൗവനത്തിലേക്ക് യാത്രയാവുന്ന
നമ്മുടെ ഒരു വസന്തകാലത്തിന്റെ ഓർമകളിലെ
കൊഴിഞ്ഞുപോയ ദിനങ്ങളുടെയും
സൗഹൃദങ്ങളുടെയും ഓർമ്മക്കായ്ഈ നിനവ്
നിങ്ങളുടെ ഹൃത്തിലേക്കു സമർപ്പിക്കുന്നു

സ്നേഹത്തോടെ



നിങ്ങളുടെ സ്വന്തം എഡിറ്റർ
വൈഷ്ണവ് കെ പി

# എഡിറ്റോറിയൽ ബോർഡ്



മുഹമ്മദ് അസ്‌ലം
ഐഷ ആർ സൈനാസ്
അതുൽ സോമൻ
അഭിജിത് കെ എസ്
രെഹൻ ബിജു
ആൻസൺ
ഹരിനന്ദന വി എസ്
സഞ്ചന കൃഷ്ണ
കൃഷ്ണപ്രിയ ബിനോയ്

# ഇവരാണ് എസ് എൻ ഡി പി ഹൈസ്കൂളിനെ നയിക്കുന്നവർ

**നിങ്ങൾക്കിതു വായിക്കാൻ**
**സാധിക്കുന്നുവെങ്കിൽ നിങ്ങളുടെ**
**അദ്ധ്യാപകരെ ഓർക്കുക’......**

Dr . എസ് രാധാകൃഷ്ണൻ



## സ്കൂൾ ചരിത്രലേക്കൊരു എത്തിനോട്ടം

"വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന മഹത്തായ ആദർശം ലോകത്തിന് സമ്മാനിച്ച, ശ്രീനാരായണഗുരുദേവന്റെ നാമധേയത്തിലുള്ള ഈ വിദ്യാലയം 1964 ജൂണിൽ സ്ഥാപിതമായി. മൂവാറ്റുപുഴ പട്ടണത്തിന്റെ ഹൃദയഭാഗത്തുള്ള ശ്രീകുമാരഭജനക്ഷേത്രാങ്കണത്തിലാണ് ഈ സരസ്വതീ മന്ദിരം സ്ഥിതി ചെയ്യുന്നത്.

ഈ സ്കൂളിന്റെ ചരിത്രത്തിലേക്ക തിരിഞ്ഞുനോക്കുമ്പോൾ, മഹത്തായ വ്യക്തിത്വങ്ങളുടെ കഠിനപ്രയത്നമാണ് ഈ സ്കൂൾ സ്ഥാപിക്കപ്പെട്ടതിനു പിന്നിലുള്ളതെന്ന് കാണാം. മഹാനായ നേതാവ് ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഈ സ്കൂൾ അനുവദിച്ചുകിട്ടിയത്.

സ്കൂളിനുവേണ്ടി അക്ഷീണപ്രയത്നം നടത്തി ഇന്നത്തെ നിലയിൽ സ്കൂളിൽ എല്ലാം സാധിതമാക്കിയതിനുപിന്നിൽ കഠിനാദ്ധ്വാനം നടത്തിയ മഹാനുഭാവന്മാരെ പ്രത്യേകം സ്മരിച്ചുകൊള്ളുന്നു.

സമീപ പ്രദേശത്തുള്ള പിന്നോക്ക വിഭാഗക്കാർക്ക് അത്താണിയായിത്തീർന്നത് അന്ന് ഈ സ്കൂളായിരുന്നു. ഇന്ന് സ്കൂൾ അതിന്റെ സുവർണ്ണകാലത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്.

# നിനവിലൂടെ......


മൃത്യുഞ്ജയം .......................................................11
അമ്മയാംപ്രകൃതി .........................................13
പ്രതികാരം പാടില്ല .........................................14
പശ ...............................................................16
പ്രകൃതിവർണ്ണം ............................................ 18
പ്രളയം ബാക്കിവച്ച ഓർമ്മകൾ ....................19
പട്ടം .............................................................. 22
ദയാബായി ...................................................25
ഓർമ്മ...........................................................27
കേട്ടിരുന്നോ കാർഗിലിനെ കുറിച്ച്..............28

# മൃത്യുഞ്ജയം

സിന്ധു പിബി
അദ്ധ്യാപിക

കാലപ്രവാഹമാം യാനത്തിൽപ്പെട്ട നാം
ദിക്കങ്ങറിയാതെ യാത്രയായി
വിസ്മയ കൗതുക കുതൂഹലങ്ങളാൽ
കൺമിഴിച്ചങ്ങു നാം നോക്കിനിൽപ്പായ്

ബാല്യകൗമാരത്തിന്നമ്പരപ്പൊക്കെയും
ഏതോ വിദൂരമാം സ്വപ്നങ്ങളായ്
ജീവിതത്തോണി തുഴഞ്ഞു തുഴഞ്ഞു ഞാൻ
ഈ പുണ്യഭൂമിയിൽ വന്നടുത്തു.

ആകസ്മികമാം ഈ യാത്രയ്ക്കിടയിലീ
ക്ഷേത്രാങ്കണത്തിലിരുത്തി ദേവൻ
അക്ഷരപൂജാതൻ ദിവ്യനിയോഗത്താൽ
കൂട്ടരെ നാമെല്ലാമെത്തുകൂടി
മുജ്ജന്മ പുണ്യമായ് കാണുവാൻ യോഗമായ്
തേജപുഞ്ജത്തിൽ വ്യക്തിപൂരം!
സത്ഗുണ കേദാരമാമെൻ സഹോദരാ
മിന്നൽ പ്രഭ പോലെയെങ്ങുപോയി ?

മണ്ണിൽ  വിളങ്ങുന്ന താരകപൂവിനെ
കണ്ടങ്ങു ദേവൻ ഭ്രമിച്ചുപോയോ ?

അങ്ങുതൻ ഊർജ്ജവും വീര്യവും ശോഭയും
കീർത്തിയേറ്റിടുമീ ക്ഷേത്രാങ്കണം
ഈ ഇടനാഴിയിൽ ഞങ്ങൾ തൻ ചിത്തത്തിൽ
മായാത്ത  സൂര്യനായ് നീ നിറയും !

ഹേ ! മൃത്യുവേ നിനക്കാവില്ലൊരിക്കലും
തേജപ്രഭാവത്തിൽ ദീപമണയ്ക്കുവാൻ

ഒട്ടുമേ ആശങ്കവണ്ടയെൻ സോദരാ
നിൻ പ്രിയർക്കൊപ്പമീ ഞങ്ങളുണ്ട്.

കുഞ്ഞുമനസ്സിലൊരായിരം  ദീപമായ്
നേർവഴികാട്ടും താരകമായ്
ഞങ്ങൾ തൻ  ശക്തി പ്രഭാവമായ് ഊർജ്ജമായ്
നാദപ്രവാഹമായ് നീ  വിളങ്ങും

ചൈതന്യപൂരമാം നാദമായ്
ഈ പ്രപഞ്ചത്തിൽ ജ്വലിച്ചുനിൽക്കും.

# അമ്മയാംപ്രകൃതി

അസ്മിത അജീഷ്

പൂനിലവിൻ മാറിലുള്ള തിങ്കളല്ലേ
നിൻഹരിതമണിയും നാട്ടിൽ നിന്ന് ഞാൻ
വളർന്നു,
പാടത്തുവീശും പച്ചിലക്കാറ്റിന്റെഗന്ധം
നീയണിഞ്ഞു
കിഴക്ക് വന്ന് ഉദിച്ച നീ അമ്മയല്ലേ....
നിൻ പുലരി ഇന്ന് തന്നതെന്റെ ഭാഗ്യമല്ലേ....
നീ പുഴയായും മലയായും വെളിച്ചമായും
വന്നണഞ്ഞതമ്മയല്ലേ..........
വന്നണഞ്ഞതമ്മയല്ലേ........
പല കവികളും വാണതീ നാട്ടിലല്ലേ
അത് ഹരിതമണിയും നാടിന്റെ ഭാഗ്യമല്ലേ
ഭാഗ്യമല്ലേ.....
ഭാഗ്യമല്ലേ.....

# പ്രതികാരം പാടില്ല

**ഹേമന്ദ് ബാബു**



ചെറുമത്സ്യങ്ങളെപിടിക്കാനയി തോട്ടുവക്കിലിരിക്കുകയായിരു-ന്നുകനകൻകൊറ്റിഅപ്പോഴാണ് തോടിലൂടെ കാലൻ ഞണ്ട് ഇഴഞ്ഞ് പോകുന്നത് കണ്ടത്. കനകന് ദേഷ്യവും സങ്കടവും ഉള്ളിൽതിളച്ചുപൊങ്ങി.ഇവന്റെ മുത്തശ്ശനാണ് തന്റെ മുത്തപ്പനെ കഴുത്തിറുക്കി കഥ കഴിച്ചത്-എന്ന് എല്ലാവർക്കും അറിയാം. അത് വർഷങ്ങൾക്കു മുൻപ് നടന്ന കഥയാണ്. എന്നാലും കൊറ്റികളുടെതലമുറകൾക്കും ആ ദുരിത കഥ മറക്കാനാവുമോ ! കാലൻ ഞണ്ടിനെ കെണിയിൽപെടുത്തി



വകവരുത്താൻ കൊറ്റി തീരുമാനിച്ചു.അവൻ ഭവ്യത നടിച്ചു.ഞണ്ടിനരികെ ചെന്നു.കനകനെ നോക്കിയപ്പോൾ കണ്ണുകളിൽ പ്രതികാരം ഒളിഞ്ഞിരിക്കുന്നതായി കാലനു തോന്നി

എന്നാലും.......................

അറിഞ്ഞതായിഭാവിച്ചില്ല..........

.........................

“നമ്മുടെ മുത്തപ്പന്മാർ തമ്മിലുണ്ടായിരുന്നവഴക്ക് നാം മറക്കണം. അവരൊക്കെ ഇന്നില്ലല്ലോ. നമുക്ക് ചങ്ങാതിമാരായി സമാധാനത്തോടെ കഴിയാം.ഒരുദിവസം കാലൻ ഞണ്ടിനോട് കൊറ്റിയോട് ചോദിച്ചു. കനകാ നിന്നെ ഞാൻ ശത്രുവായി കരുതിയിട്ടില്ലല്ലോ"കാലൻ ഞണ്ടു പറഞ്ഞു.എനിക്കിപ്പോഴാണ് മനഃശാന്തി കിട്ടിയത്.ഞാൻ നിന്റെ പുറന്തോടിലൊന്നു തലോടട്ടെ.കനകൻ ആ ആഗ്രഹം പ്രകടിപ്പിച്ചു." അതിനെന്താ ഇന്നുമുതൽ നീയെന്റെ സഹോദരനല്ലേ ഞണ്ട് സ്നേഹത്തോടെ പറഞ്ഞു. കൊറ്റി ചുണ്ടുകൊണ്ട് തലോടനെന്ന ഭാവേന കാലൻ ഞണ്ടിന്റെ പുറന്തോട്ടിൽ സർവ ശക്തിയുമെടുത്ത് ആഞ്ഞുകൊത്തി.എന്നാൽ ഞണ്ടിന്റെ പുറന്തോട് ഉറപ്പുള്ളതായിരുന്നു.കൊറ്റിയുടെ നീളമുള്ള ചുണ്ട് വളഞ്ഞ് വേദനിച്ചതല്ലാതെ ഞണ്ടിന്റെ പുറംതോടിന് ഒരു പോറൽ പോലും ഏറ്റില്ല.സ്നേഹം നടിച്ച് തന്നെ കൊല്ലാൻ ശ്രമിച്ച കൊറ്റിയു സൂത്രം ഞണ്ടിനു മനസ്സിലായി.അവൻ തന്റെ ബലമുള്ള കാലുകൾ കൊണ്ട് കൊറ്റിയുടെ കാലിൽ ഇറുക്കിപ്പിടിച്ചു.
അവന് ഞണ്ടിന്റെ കാലുകളിൽ നിന്ന് രക്ഷപ്പെടാൻ കഴിഞ്ഞില്ല. കാലൻ ഞണ്ട് കൊറ്റിയെ വലിച്ചിഴച്ച് വെള്ളത്തിനടിയിലേക്ക് കൊണ്ടുപോയി.

**<u>ശുഭം</u>**

# പശ

ആശ ഗോപിനാഥ്
അദ്ധ്യാപിക

ഒരു വറ്റിലിറ്റിച്ച പച്ചവെള്ളം
ചേർത്തുചാലിച്ച , പശയെന്നറിഞ്ഞതിൽ
ഞാൻ ചേർത്തുവെച്ചെൻ കണ്ണന്റെ കളർചിത്രം
മാന്തൊലിയിൽ ഇറ്റുവീണൊരു
ചോന്ന മുന്തിരിയെ പശയെന്നു വിളിച്ചുചിലർ



ആരുമെന്നു ചേർത്തുവച്ചു കണ്ണിന്റെ -
കളർചിത്രം
പിന്നറിഞ്ഞു ചെറിയ നീല പത്രത്തിൽ
ഒഴുകിയൊലിച്ച കൊഴുപ്പാണ് പശയെന്ന്
വീണ്ടുമൊട്ടിച്ചോരെണ്ണം

പിന്നെ കുറെ നാൾ ജീവിച്ചു
ചിലരുടെ ചൂണ്ടുവിരൽത്തുമ്പിനായ് കാത്തുകാത്ത്
ഒടുവിലാരോ പറഞ്ഞു ഇല്ല വരില്ല നിന്നെ
ത്തൊടേണ്ട വിരലുകളിലെല്ലാം ഒരു ചെറുവളയം

കടന്ന് കൂടിയെൻ ഞാനറിഞ്ഞു വേദനയോടെ
അത് സത്യമാണെന്ന് വിരൽ തുമ്പിനിടയിലൂടെ
ളികണ്ണാലെന്നേനോക്കി , പുതിയ പേര് ഞാൻ
വിളിച്ചു നോക്കി , സെല്ലോ..... സെല്ലോ ടേപ്പ്

ശരിയാണ് നീയാണ് ശരി,
നീയാണല്ലോ ശരി
പിന്നിട്ട വഴികളെ നോക്കി നെടുവീർപ്പിട്ടുക്കൊണ്ട്
ഞാൻ വീണ്ടുമെടുത്ത കണ്ണന്റെ ചിത്രം
ഇളകാതെ ഇമവെട്ടതെ...






സുന്ദരം  സുന്ദരം  എത്ര  സുന്ദരം.
കേരളം.......കേരളം.......
ചുവന്നു തുടുത്ത പുഞ്ചിരിയോടെ
ജീവിതം പ്രകാശമാക്കാൻ സൂര്യദേവൻ വരവായി
കളകളം ഒഴുകുന്ന ശബ്ദതരണികൾ പുഴകളെ
പുഴകളാക്കുന്നു.
പച്ചപുതപ്പ്  വിരിക്കുകയാണ്
എൻ അധ്വാനത്തിന്റെ  പാടങ്ങൾ
സുന്ദരം സുന്ദരം എത്ര സുന്ദരം
പ്രകൃതിവർണങ്ങൾ എത്ര സുന്ദരം !

# പ്രളയം ബാക്കിവച്ച ഓർമ്മകൾ

വൈഷ്ണവ് കെ പി



മഹാപ്രളയത്തിൽ നിന്നും കരകയറുകയാണ്. ഓർത്തെടുക്കുമ്പോൾ ഭയപ്പെടുത്തുകയും ഒരു മലയാളിയായതിൽ അഭിമാനം തോന്നുകയും ചെയ്യുന്ന നിമിഷങ്ങളുണ്ട്. കുളിൽതെന്നലിന്റെ സുഖമുള്ള മഴയോർമകൾ മനസിൽ സൂക്ഷിച്ചിരുന്ന മലയാളി കണ്ടത് മഴയുടെ രൗദ്രഭാവം, നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം.

കാലവർഷം പതിവിലുമധികം ശക്തി പ്രാപിക്കുന്നത് നാം ശ്രദ്ധിച്ചിരുന്നില്ല. എല്ലാ കൊല്ലത്തേയും പോലെ കുട്ടനാട്ടിൽ മാത്രം കാലവർഷം പതിവിലുമധികം ശക്തി പ്രാപിക്കുന്നത് നാം ശ്രദ്ധിച്ചിരുന്നില്ല . ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്ന വാർത്തകൾ ആശങ്കയ്ക്ക് പകരം ആകാംഷയോടെയാകും ഒരു - പക്ഷേ മലയാളികൾ കേട്ടത്.



ഡാമിന്റെ ഷട്ടറുകൾ തുറക്കുന്ന നിമിഷത്തിന് സാക്ഷ്യം വഹിക്കാനായി ഇടുക്കിയിലേക്ക് ജനപ്ര വാഹം.

ട്രയൽ റണ്ണിനായി തുറന്ന ഷട്ടറുകൾ പിന്നീട് അടയ്ക്കേണ്ടി വന്നില്ല. ചരിത്രത്തിലാദ്യമായി ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകളും ഉയർത്തി. കാലവർഷം അതിന്റെ എല്ലാ ഭീകരതോടെയും ആർത്തലച്ചു. റോഡുകൾ ഒലിച്ചു പോയി, വീടുകൾ നിലംപൊത്തി, കുന്നുകൾ ഇടിഞ്ഞു. രാജ്യം 72ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ആശങ്കയുടെ നിഴൽ വീണിരുന്ന കേരളത്തിന്റെ ആകാശത്ത്......................................
കിട്ടിയതൊക്കെ കയ്യിലെടുത്ത് ദുരിതാശ്വാസ ക്യാമ്പിലേക്ക് ഓടിയവർ, വീടിന്റെ രണ്ടാം നിലയിൽ അഭയം പ്രാപിച്ചവർ, - ചത്തുപൊങ്ങിയ വളർത്തു മൃഗങ്ങൾ, ഒറ്റപ്പെട്ട് കുടുങ്ങിക്കിടക്കുന്ന - വർക്കായുള്ള ഉറ്റവരുടെ സഹായാഭ്യാർത്ഥനകൾ. ഒരു മനുഷ്യായുസ്സിൽ മറക്കാൻ കഴിയാത്ത നടുക്കുന്ന ഓർമകളാണ്



പ്രളയം സമ്മാനിച്ചത്.
കേരളത്തിന്റെ സൈന്യമായി
മത്സ്യത്തൊഴിലാളികൾ
എത്തി.കുടുങ്ങിക്കിടക്കുന്നവരെ
തേടി വഴിയറിയാത്ഇടങ്ങളിലൂടെ
കടലിന്റെ മക്കൾ പോയി.

സാമൂഹ്യമാധ്യമങ്ങൾ കൺട്രോൾ റൂമുകളായി. സൈന്യവും, പോലീസും, ഭരണകൂടവും, ജനങ്ങളും പ്രളയം തകർക്കാത്ത നാടായി കേരളത്തെ കൈപിടിച്ചുയർത്തി

## പ്രളയകാലം

പ്രളയകാലം തിരിച്ചറിവുകളുടേത് കൂടിയായിരുന്നു. ജാതിയുടേയും മതത്തിന്റെയും പണത്തിന്റെയും അതിർ വരമ്പുകൾ ഇല്ലാതായി. അമ്പലത്തിലും പള്ളികളിലും നിസ്കാര പായകൾ വിരിച്ചു. പാവപ്പെട്ടവനും പണക്കാരനും ഒരു പാത്രത്തിൽ നിന്ന് കഴിച്ചു. അന്യർക്ക് പ്രവേശനമില്ലെന്ന് എഴുതിയ ബോർഡുകൾ പ്രളയമെടുത്തു. വിശപ്പിനേക്കാൾ വലുതല്ല ദുരഭിമാനമെന്ന് തിരിച്ചറിഞ്ഞു

# പട്ടം

മുഹമ്മദ് അസ്‌ലം

കുട്ടുകാരെ പട്ടംപറത്തൽ ഇഷ്ടമല്ലാത്തവരായി ആരേലും ഉണ്ടോ ....ഇല്ല അല്ലെ...നിറമുള്ള പട്ടങ്ങൾ കാറ്റത്തു അങ്ങ് ആകാശത്തുപാറിപറന്നുനടക്കുന്നതു കാണാൻ എന്തൊരു ചേലാ...ല്ലേ ... എങ്കിൽ ആ പട്ടത്തെക്കുറിച്ചു കൂടുതൽ അറിയാനായി നിങ്ങൾ എപ്പോഴെങ്കിലും ശ്രമിച്ചിട്ടുണ്ടോ? എന്നാൽ ഇപ്പോൾ നമുക്ക് അതിന്റെ ചരിത്രത്തിലേക്കൊന്നു പോയിനോക്കിയല്ലോ ......

കുട്ടുകാർ പട്ടം കണ്ടിട്ടില്ലേ. പലരും പറത്തിയിട്ടുണ്ടാകും. ചിലർക്ക് സ്വന്തമായി നിർമിക്കാനും അറിയാം. എന്തു ഭംഗിയാണ് പട്ടങ്ങൾക്ക്.. വിവിധ നിറങ്ങളിലും രൂപത്തിലും പട്ടങ്ങൾ നിർമിക്കാറുണ്ട്. ഓരോ വർഷവും പട്ടം പറത്തലിനായി ലോകത്തിന്റെ വിവിധ ലക്ഷങ്ങളാണ് ചെലവിടുന്നത്. ഇതാ പട്ടങ്ങളുടെ ഇത്തിരി വിശേഷങ്ങൾ ...

മെയ്ഡ് ഇൻ ചൈന

ലിഖിത ചരിത്രമനുസരിച്ച് ബി.സി ഇരുന്നൂറിൽ ചൈനക്കാർ പട്ടം നിർമിച്ചതായി കാണാം. മരത്തിന്റെ ഇലകൾ, മരക്കമ്പുകൾ, തുണികൾ തുടങ്ങിയവ ഉപയോഗിച്ചാണ് ആദ്യത്തെ പട്ടങ്ങളുടെ നിർമാണം.

കടലാസിന്റെ കണ്ടുപിടിത്തത്തോടെ എഡി നൂറ് തൊട്ടേ കടലാസു പട്ടങ്ങൾ രംഗത്തുവന്നു. ക്രമേണ പട്ടം ജപ്പാനിലും കൊറിയയിലും മലേഷ്യയിലുമൊക്കെ വ്യാപിച്ചു. ഏറെ നാൾ കഴിഞ്ഞാണ് ഇന്ത്യയിൽ പട്ടമെത്തിയത്. ...

പല നാട്ടിലേയും സംസ്കാരത്തിന്റെ ഭാഗമാണ് പട്ടം പറത്തൽ. പട്ടം പറത്തൽ മൽസരത്തിൽ വിജയിക്കുന്നത് അഭിമാനമായാണ് ആളുകൾ കണ്ടിരുന്നത്. കാർഷിക വിളയിൽ സമൃദ്ധിയുണ്ടായാൽ ദൈവത്തോടുള്ള നന്ദി സൂചകമായി പണ്ടുകാലത്തെ ആളുകൾ പട്ടം പറത്തിയിരുന്നു....

## പട്ടം പറത്തിയാൽ ജയിൽ

മാവോ സേതുങ്ങിന്റെ വിപ്ലവ കാലത്ത് ചൈനയിൽ പട്ടം പറത്തുന്നതു കണ്ടാൽ പിടികൂടി ജയിലിലടക്കുമായിരുന്നു.1760 ൽ ജപ്പാനിലും പട്ടം പറത്തുന്നതിന് നിരോധനമുണ്ടായിരുന്നു. ജനങ്ങൾ കൂടുതൽ സമയവും പട്ടം പറത്തുന്നതിന് പിന്നാലെ പോകുന്നത് കൊണ്ടായിരുന്നു ഇത്.

## പട്ടവിശ്വാസം

ചൈനയായിരുന്നല്ലോ പട്ടത്തിന്റെ ജന്മദേശം. ചൈനയിൽ ഒരു കാലത്തെ മുഖ്യ കായിക വിനോദവും പട്ടം പറത്തലായിരുന്നു. ഉയരത്തിലുള്ള പട്ടത്തെ ഏറെ നേരം നോക്കുന്നത് കാഴ്ച ശക്തി വർധിപ്പിക്കുമെന്നാണ് ചൈനയിലെ വിശ്വാസം. മാത്രമല്ല പട്ടം പറത്തുന്നതു മൂലം ഏകാഗ്രത വർധിക്കുമെന്നും അവർ അവകാശപ്പെട്ടിരുന്നു....

## കാലാവസ്ഥാ പഠനം

1830 കളിൽ കാലാവസ്ഥാ പഠനത്തിന് പട്ടം ഉപയോഗിച്ചിരുന്നു. ആദ്യ കാലത്തെ റിമോട്ട് സെൻസിങ് ഉപകരണങ്ങളിൽ പട്ടം ഒഴിച്ചു കൂടാനാവാത്ത ഘടകമായിരുന്നു. 1888 ൽ ആർതർ ബട്ടറ്റാണ് കൈറ്റുപയോഗിച്ചിട്ടുള്ള ആദ്യത്തെ ഏരിയൽ ചിത്രമെടുത്തത്.

പട്ടം നിർമാണത്തിലൂടെയാണ് റൈറ്റ് സഹോദരന്മാരെ വിമാനം കണ്ടുപിടിക്കുന്നതിലേക്ക് നയിച്ചത്. മാർക്കോണി റേഡിയോ തരംഗങ്ങളുടെ പരീക്ഷണങ്ങൾ നടത്തിയതും പട്ടമുപയോഗിച്ചായിരുന്നു. മിലിട്ടറി ആവശ്യങ്ങൾക്ക് വേണ്ടിയും ഊർജോൽപ്പാദനത്തിനായും പട്ടം ഉപയോഗിച്ചിരുന്നു. ...


## കൈറ്റ് ഫെസ്റ്റിവൽ

പല രാജ്യങ്ങളിലും പട്ടം പറത്തൽ മേളകൾ സംഘടിപ്പിക്കാറുണ്ട്. നമ്മുടെ രാജ്യത്ത് ഗുജറാത്തിലെ അഹമ്മദാബാദിൽ, 2016 ജനുവരിയിൽ ഇന്റർനാഷണൽ കൈറ്റ് ഫെസ്റ്റിവൽ നടന്നു. വിവിധ രാജ്യങ്ങളിൽ നിന്നായി ലക്ഷക്കണക്കിന് ആളുകളാണ് മൽസരം വീക്ഷിക്കാനായി ഇവിടെയെത്തിയത്.

## വിവിധ തരം

രണ്ട് ഊർക്കിൽ കമ്പുകളും പത്രവുമുപയോഗിച്ച് നിർമിച്ചിട്ടുള്ള ഫിലിപ്പൈനിലെ ജനങ്ങളുടെ സ്വന്തം പട്ടമായ ചാപ്പി-ചാപ്പി, അലക്സാണ്ടർ ഗ്രഹാംബെലിന്റെ സംഭാവനയായ ടെട്രാഹെഡ്റൽ കൈറ്റ്, ഈസ്റ്റർ ദിനത്തിൽ ബെർമുഡരാജ്യത്തെ അന്തരീക്ഷത്തിൽ നിറയുന്ന ബെർമുഡ കൈറ്റ്, മഞ്ഞുകാല കായിക വിനോദങ്ങളിലുപയോഗിക്കുന്ന ബോ കൈറ്റ്, ലോറൻസ് ഹാർഗ്രേവിന്റെ ബോക്സ് കൈറ്റ്, വർണശബളമായ ഡെൽറ്റാ കൈറ്റ് തുടങ്ങി ലോകത്ത് വിവിധ തരത്തിലുള്ള പട്ടങ്ങളുണ്ട്.

## അഫ്ഗാൻ പെരുമ



പട്ടം പറത്തുന്നത് അഫ്ഗാനിസ്ഥാനിലെ മുഖ്യ കായിക ഇനമായിരുന്നു. കഴിഞ്ഞ നൂറു വർഷത്തോളമായി അഫ്ഗാനിസ്ഥാനിലെ തെരുവുകളിൽ ഈ വിനോദമാണ് അരങ്ങേറിയിരുന്നത്. അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടം പട്ടം പറത്തൽ നിരോധിച്ചതോടെയാണ് ഇതിനു കുറവു വന്നത്. വെള്ളിയാഴ്ചകളിലാണ് പട്ടം പറത്തൽ മുഖ്യമായും നടക്കുക. ഒരു കാലത്ത് അഫ്ഗാൻ നാഷണൽ ഗെയിംസിലെ ഒരു മൽസരയിനമായിരുന്നു പട്ടംപറത്തൽ. നോർത്ത് കാബൂളിലെ ചമാൻ -ഇ-ബബ്റാക് പട്ടം പറത്തലിനു പേരു കേട്ട പ്രദേശമാണ്. പട്ടം പറത്തി കൈമുറിയാത്ത ഒരാൾ പോലും അഫ്ഗാനിലുണ്ടായിരുന്നില്ലെന്ന് ആ കാലത്തൊരു ചൊല്ലുണ്ടായിരുന്നു. ...

# ദയാബായി



പാലാ പൂവരണി പുല്ലാട്ട് മത്തായിയുടെയും ഏലിക്കുട്ടിയുടെയും മകളായി പാലായിൽ ജനിച്ച മേഴ്സി മാത്യു. കന്യാസ്ത്രീയാവാൻ ബിഹാറിലെ ഹസാരിബാഗ് കോൺവെന്റിലെത്തിയ പതിനാറുകാരി മേഴ്സിമാത്യൂ. ബീഹാറിലെ ആഡംബരപൂർണ്ണമായ കോൺവെൻറ് ജീവിതത്തിനിടയിലും ഗ്രാമവാസികളുടെ ദുരിത പൂർണ്ണമായ ജീവിതം കണ്ട് വേദനിച്ചവൾ .... ആദിവാസികളുടെ ഗ്രാമത്തിലേക്ക് പോകണമെന്ന മേഴ്സിയുടെ ആവശ്യം പരിഗണിക്കപ്പെടാതായതോടെ കന്യാസ്ത്രീ പരിശീലനം പൂർത്തിയാക്കാതെ മഠത്തിൽ നിന്നും പുറത്തുവന്നു. ദൈവസഭയിലല്ല പാവപെട്ട മനുഷ്യരുടെ വേദനയിലാണ് ദൈവമിരിക്കുന്നത് എന്ന തിരിച്ചറിവ് നേടി. ഉന്നത ബിരുദങ്ങളും ആവശ്യത്തിന് പണവുമുണ്ടായിരുന്നിട്ടും കിട്ടാമായിരുന്ന സുഖപ്രദമായ ജോലി ഉപേക്ഷിച്ച് അവർ ദാരിദ്ര്യം സ്വയം തെരഞ്ഞെടുത്തു.

മദ്ധ്യപ്രദേശിലെ ഏറ്റവും പിന്നാക്കവിഭാഗമായ ഗോണ്ടുകൾ എന്ന ആദിവാസികളുടെ കൂടെ ചിഡ് വാര ഗ്രാമത്തിൽ അവരിലൊരാളായി ജീവിക്കാൻ തുടങ്ങി. നഗരത്തിന്റെ മോടി കൂടിയ വസ്ത്രങ്ങൾ ഉപേക്ഷിച്ച് ആദിവാസികളുടെ പരമ്പരാഗത വസ്ത്രം ധരിച്ചു. കടത്തിണ്ണകളിലും റെയിൽവേ സ്റ്റേഷൻ തറകളിലും അന്തിയുറങ്ങി. അവരോടൊപ്പം കൂലിപ്പണിയെടുത്തു. സ്വന്തം പേരു പോലും ഉപേക്ഷിച്ച് 'ദയാബായി' ആയി. ചൂഷണത്തിനും പീഡനത്തിനും നിരന്തരം ഇരയായിക്കൊണ്ടിരുന്ന ആദിവാസികളെ സംഘടിപ്പിച്ച് അവരുടെ അവകാശങ്ങൾക്കായി പൊരുതി. ആദിവാസികൾക്ക് വേണ്ടി പൊലീസ് സ്റ്റേഷനുകൾ കയറിയിറങ്ങി നിരവധി മർദ്ദനങ്ങൾക്കിരയായി. പല്ലുകൾ കൊഴിഞ്ഞു.

എതിർപ്പുകളും മർദ്ദനങ്ങളും ഒറ്റപ്പെടുത്തലുകളും ദുരാരോപണങ്ങളും അവരെ പിന്തിരിപ്പിച്ചില്ല. സഹനത്തിന്റെ,ചെറുത്തുനിൽപ്പിന്റെ വഴികളിലൂടെ അവർ മുന്നേറി. അവരുടെ ശ്രമഫലമായി ഗ്രാമത്തിൽ വിദ്യാലയവും അടിസ്ഥാന സൗകര്യങ്ങളുമുണ്ടായ ി.അവർ ആദിവാസികളെ അക്ഷരം പഠിപ്പിച്ചു. അവർക്കായി നിയമയുദ്ധങ്ങൾ നടത്തി. ഝാൻസീറാണിയെ പോലെ കുതിരപ്പുറത്ത് കയറി ഗ്രാമങ്ങൾ തോറും സഞ്ചരിച്ചു. അവരുടെ ഭാഷയിൽ സംസാരിച്ചു. തെരുവുനാടകങ്ങളും കവിതകളും പാട്ടുമൊക്കെ ആശയപ്രചാരണത്തിനായി ഉപയോഗിച്ചു. ഗാന്ധിജിയുടേയും യേശുക്രിസ്തുവിന്റേയും ജീവിതവും ദർശനങ്ങളുമാണ് ദയാബായിയെ ഇന്നും പ്രചോദിപ്പിക്കുന്നത്. "സഹജീവി സ്നേഹത്തിന്റെ ഉത്തമ ഉദാഹരണമായി ഇന്ന് ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഒരേ ഒരമ്മ




ഓർമ്മചെപ്പിന്റെ കിളിവാതിൽ തുറക്കുന്നു
ഞാൻ അതിലലിയുന്നു ഓർമ്മകൾ
ജീവിതത്തിന്റെ നൊമ്പരങ്ങൾ ഒരു ഓർമ്മയായി -
ഇന്നും എന്നിലൂടൊഴുകുന്നു ......
അച്ഛന്റെ ശാസനയും അമ്മയുടെ സ്നേഹവും
ഇന്നും എന്റെ മനസിലൂടെ ഓർമയായൊഴുകുന്നു
കുട്ടികാലത്തെ കളിചിരിയും കളിതമാശയും
ഇന്നെന്റെ മനസ്സിൽ ഒരോർമ്മചിരി നൽകുന്നു
കഴിഞ്ഞകാലത്തെ ഓർമകളിലേക്ക് പോകാൻ
കഴിയാത്തതിന്റെ വിഷമം ഇന്നും എന്റെ മനസ്സിൽ
സങ്കടത്തിന്റെ ഒരുതിരയായി അടിക്കുന്നു
ജീവിതത്തിലെ സുഖങ്ങളും ദുഖങ്ങളും
ഞാൻ ഇന്നും ഒരോർമ്മചെപ്പായി സൂക്ഷിക്കുന്നു

# കേട്ടിരുന്നോ കാർഗിലിനെ കുറിച്ച് ......

കൂട്ടുകാരെ നിങ്ങൾക്കറിയാമോ കാർഗിലിനെ കുറിച്ച്, കാർഗിൽയുദ്ധത്തെക്കുറിച്ചും ? നമ്മൾക്കുവേണ്ടി ജീവൻവെടിഞ്ഞ നൂറുകണക്കിന് ധീരജവാന്മാരെക്കുറിച്ചും ....

**കാശ്മീരിലെ കാർഗിലിൽ 1999 മെയ് മുതൽ ജൂലൈ വരെ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ നടന്ന സായുധപോരാട്ടമാണ് കാർഗിൽ യുദ്ധം. കാർഗിൽ യുദ്ധത്തിൽ ജീവൻ നഷ്ടമായ വീരയോദ്ധാക്കളെ അനുസ്മരിക്കാനാണ് ഇന്ത്യ ജൂലൈ 26 കാർഗിൽ വിജയദിനമായി ആചരിക്കുന്നത്. എന്താണ് കാർഗിൽ യുദ്ധം, എന്താണ് കാർഗിൽ വിജയദിനം**

**പത്തൊൻപത് വർഷങ്ങൾക്ക് മുൻപാണ് പാകിസ്ഥാൻ പട്ടാള മേധാവി പർവേശ് മുഷറഫ് ഇന്ത്യൻ ഭൂപ്രദേശങ്ങൾ പിടിക്കാൻ നുഴഞ്ഞുകയറ്റക്കാരെ കശ്മീരിലേക്കയച്ചത്. രണ്ടരമാസം നീണ്ടുനിന്ന യുദ്ധത്തിൽ പാക് സൈനികരെ ഇന്ത്യൻ മണ്ണിൽനിന്ന് പുറത്താക്കുമ്പോൾ ഇന്ത്യയ്ക്ക് നഷ്ടപ്പെട്ടത് അഞ്ഞൂറിനടുത്ത് സൈനികരെ. ഇന്ത്യൻ മണ്ണിൽനിന്ന് പാക് സൈനികരെ തുരത്തിയോടിച്ച ജൂലൈ 26 വിജയ് ദിവസ് (വിജയദിനം) ആയി ഇന്ത്യ ആചരിക്കുന്നു**

ജമ്മു കശ്മീരിലെ കാർഗിൽ ജില്ലയിൽ നിയന്ത്രണരേഖയോടടുത്ത് ആടു മേയ്ക്കാനിറങ്ങിയവർ ഇന്ത്യൻ പ്രദേശത്ത് ആയുധധാരികളായ അപരിചിതരുടെ സാന്നിധ്യം കണ്ടെത്തി. പ്രദേശവാസികളായതിനാൽ സ്ഥലത്തിന്റെ മൂലയും പരിചയമുള്ളവരായിരുന്ന ആട്ടിടയൻമാർ. മുൻപ് ഇത്തരം സംഭവം ഉണ്ടായിട്ടില്ലാത്തതിനാൽ അവർ തൊട്ടടുത്തുള്ള സൈനിക കേന്ദ്രത്തിൽ വിവരം അറിയിച്ചു. ശ്രീനഗറിൽനിന്ന് ഏകദേശം 205 കിലോമീറ്ററുണ്ട് കാർഗിലിലേക്ക്. ശൈത്യകാലത്ത് മൈനസ് 30 ഡിഗ്രി വരെ തണുപ്പു താഴുന്ന, ഹിമാലയൻ മലനിരകളാൽ ചുറ്റപ്പെട്ട തന്ത്രപ്രധാന പ്രദേശം.

കാലാവസ്ഥ മോശമായതിനാലും തണുപ്പുകാലത്ത് നുഴഞ്ഞുകയറ്റം കുറവായതിനാലും ആട്ടിടയൻമാർ ചൂണ്ടികാണിച്ച മേഖലകളിൽ കാര്യമായ പട്രോളിങ് ഇല്ലായിരുന്നു. മേയ് രണ്ടാംവാരം ക്യാപ്റ്റൻ സൗരഭ് കാലിയയുടെ നേതൃത്വത്തിൽ അഞ്ചംഗ സംഘം സ്ഥലത്തേക്ക് പോയി. അവർ മടങ്ങിവന്നില്ല. നുഴഞ്ഞുകയറ്റക്കാർ മേഖലയിലേക്ക് കടന്നുകയറിയതായി സൈന്യത്തിന് മനസിലായി. അവരെ വേഗത്തിൽ പുറത്താക്കാൻ കഴിയുമെന്ന പ്രതീക്ഷയിലായിരുന്നു സൈന്യം. തൊട്ടുപിന്നാലെ കാർഗിലിൽ വിവിധ ഭാഗങ്ങളിൽ ശത്രുസൈനികരുടെ സാന്നിധ്യമുണ്ടെന്ന സ്ഥിരീകരണം ലഭിച്ചു.

ചെറിയ സൈനിക നീക്കത്തിലൂടെ ഇവരെ പുറത്താക്കാൻ കഴിയില്ലെന്നു മനസിലാക്കിയ സൈന്യം വലിയ സൈനിക നടപടിക്ക് തുടക്കമിട്ടു - ഓപ്പറേഷൻ വിജയ്. രണ്ടു ലക്ഷത്തോളം സൈനികരാണ് യുദ്ധത്തിന്റെ ഭാഗമായത്. 30,000 പേർ നേരിട്ട് യുദ്ധത്തിൽ പങ്കെടുത്തു. അർധസൈനിക വിഭാഗങ്ങളും പ്രത്യേക സൈനിക വിഭാഗങ്ങളും വ്യോമസേനയും യുദ്ധത്തിൽ പങ്കാളികളായി. ഇന്ത്യ പ്രതീക്ഷിച്ചതിലും കരുത്തരായിരുന്നു നുഴഞ്ഞുകയറ്റക്കാർ. തന്ത്രപ്ര ധാന മേഖലകളിൽ നിലയുറപ്പിക്കാനായത് അവരുടെ ശക്തി വർധിപ്പിച്ചു. ഉയരത്തിന്റെ മുൻതൂക്കമുള്ള മലമുകളിൽ നിലയുറപ്പിച്ച ശത്രുവിനെതിരെ താഴ്വാരത്ത് നിന്ന് യുദ്ധം ചെയ്യേണ്ട സ്ഥിതിവിശേഷം. രണ്ട് ഇന്ത്യൻ വ്യോമസേനാ വിമാനങ്ങൾ പാക് സൈന്യത്തിന്റെ പിന്തുണയോടെ നുഴഞ്ഞുകയറ്റക്കാർ വെടിവച്ചിട്ടതോടെ യുദ്ധം അതിന്റെ സജീവതലത്തിലായി.

എല്ലാ യുദ്ധങ്ങളുടെയും ഗതിനിർണയിക്കുന്നത് ചില നിർണായകസമയഘട്ടമാണ്. ആ സമയം വീര്യം കാട്ടുന്നവരാകും അന്തിമവിജയി. 1999 ജൂൺ 19ന് രാത്രി ഇന്ത്യൻ കരസേന തോലോലിങ്ങിലെ ആക്രമണം ആരംഭിച്ചതു മുതൽ ജൂലൈ നാലിന് ടൈഗർ ഹിൽ പിടിക്കുന്നതുവരെയുള്ള സമയമായിരുന്നു കാർഗിൽ യുദ്ധത്തിൽ ഏറെ നിർണായകം. ടൈഗർ ഹിൽ പിടിക്കാതെ യുദ്ധം ജയിക്കാനാകില്ലെന്ന് സൈനിക നേതൃത്വത്തിന് അറിയാമായിരുന്നു. ഇന്ത്യൻ സൈന്യത്തിന്റെ പ്രധാന ലക്ഷ്യമായിരുന്നു ടൈഗർഹിൽ പിടിക്കുക എന്നത്.

ടൈഗർഹിൽ പിടിക്കാൻ പ്രധാന പങ്കുവഹിച്ചത് പീരങ്കിപടയാണ്. ബൊഫോഴ്സ് പീരങ്കികൾ ഹില്ലിലേക്ക് തുടർച്ചയായി ആക്രമണം നടത്തി. ഭാരമേറുമെന്നതിനാൽ റേഷൻപോലും എടുക്കാതെ പരമാവധി ആയുധങ്ങൾ ചുമലിലേറ്റിയാണ് ഇന്ത്യൻ സൈനിക വീരന്മാർ മലകയറിയത്....

പോരാട്ടത്തിന്റെ അവസാനഘട്ടം ജൂലൈ മൂന്നിന് വെളുപ്പിന് 5.15 ന് ആരംഭിച്ചു. ഇന്ത്യ ശക്തമായ പീരങ്കി ആക്രമണം നടത്തി. 7.30 ന് പാക് ഭാഗത്തുനിന്ന് തിരിച്ചടി ഉണ്ടായി. ഇന്ത്യ ആക്രമണം തുടർന്നു. ഉച്ചയോടെ ഇന്ത്യൻ സൈനികർ മലമുകളിലെത്താറായപ്പോൾ ഇന്ത്യ ആക്രമണം നിർത്തിവച്ചു. ജൂലൈ നാലിന് വെളുപ്പിന് ഇന്ത്യൻ സൈനികർ ടൈഗർഹില്ലിന് മുകളിലെത്തി. പോരാട്ടത്തിൽ പത്തു ശത്രുക്കൾ മരിച്ചു. അഞ്ചു സൈനികരെ ഇന്ത്യയ്ക്ക് നഷ്ടമായി. രാവിലെ ഏഴുമണിയോടെ സൈനികരുടെ സന്ദേശമെത്തി -ടൈഗർ ഹിൽ പിടിച്ചു. യുദ്ധത്തിൽ അഞ്ഞൂറിൽ താഴെ സൈനികരെ ഇന്ത്യയ്ക്ക് നഷ്ടപ്പെട്ടു.

നിരവധി മലയാളി സൈനികരാണ് യുദ്ധത്തിൽ വീരചരമമടഞ്ഞത്. പതിനെട്ടാം ഗ്രനേഡിയേഴ്സിലെ ലഫ്റ്റനന്റ് കേണൽ ആർ. വിശ്വനാഥൻ(മരണാനന്തരം), 158 മീഡിയം പീരങ്കി റെജിമെന്റിലെ ക്യാപ്റ്റൻ ആർ.ജെറി പ്രേംരാജ് (മരണാനന്തരം), നാലാം ഫീൽഡ് റെജിമെന്റിലെ സജീവ് ഗോപാലപിള്ള (മരണാനന്തരം), പതിനെട്ടാം ഗഢ്വാൾ റൈഫിൽസിലെ ക്യാപ്റ്റൻ എം.വി. സൂരജ് എന്നിവർക്കാണ് വീരചക്രം ലഭിച്ചത്. ക്യാപ്റ്റൻ പി.വി. വിക്രമിനും (മരണാനന്തരം) ക്യാപ്റ്റൻ സാജു ചെറിയാനും ധീരതയ്ക്കുള്ള സേനാമെഡൽ ലഭിച്ചു.

# കാർഗിൽ യുദ്ധവഴികളിലൂടെ














സംസ്ഥാന സ്കൂൾ
കലോത്സവ -കായിക
മേളയിലെ നക്ഷത്രങ്ങൾ
കേരളനടനം HS
A grade
4 * 100 റിലേ
ഗോൾഡ് മെഡൽ
ഉറുദു സംഘഗാനം HS  A ഗ്രേഡ്

# പഠനത്തിനപ്പുറം ...









# കലോത്സവ ജാലകം







# ഉശിരോടെ കളത്തിലും.......









നന്ദി ഒരിക്കൽക്കൂടി.... കാത്തിരിക്കാം..
പുതിയ വാർത്തകൾക്കും
വിശേഷങ്ങൾക്കുമായി......